തൂക്കമുള്ള ഇവയ്ക്കു് അറുപതു ഗ്രാംവരെ ഭാരം വഹിച്ചു പറക്കാൻ കഴിയും. ഗുഹകളുടെ മുഖത്തു വലിയ വലകൾ കെട്ടിയാൽ ലക്ഷക്കണക്കിനു വാവലുകളെ പിടിക്കാം.

ഈ വാവലുകൾക്കു് 'ശിശിരനിദ്ര' (ഹൈബർണേഷൻ) എന്ന സ്വഭാവമുണ്ടു്. അതായതു് തണുപ്പുകാലത്തു് ഏതാനും ദിവസം ഇവ ബോധംകെട്ടു് ഉറങ്ങുന്നു. അക്കാലത്തു് ഇവയെ ശീതളീകരിച്ചു കൂടുകളിലാക്കി വിമാനത്തിൽ കയററിക്കൊണ്ടുപോയി, പാരച്യൂട്ടുവഴി ശത്രുരാജ്യത്തിലിറക്കാം.

ഉറങ്ങുന്ന ഓരോ വാവലിന്റെയും ശരീരത്തിൽ മുപ്പതു ഗ്രാം തൂക്കമുള്ള ഒരു തീബോംബ് (ഇൻസെൻഡിയറി ബോംബ്) ഘടിപ്പിക്കണം. അമ്പതഞ്ചു് സെൻറിമീററർ ഉയരത്തിൽ തീ എട്ടു മിനിററുനേരം ആളിക്കത്താൻ ഈ ബോംബ് മതിയാവും. ഒരു ചരടു് പിടിച്ചുവലിച്ചാലേ ഈ ബോംബ് കത്താൻ തുടങ്ങുകയുള്ളു. ഈ ചരടിന്റെ അററം വാവലിന്റെ വായയ്ക്കടുത്തു നീണ്ടുകിടക്കും. ഇതെല്ലാം ശസ്ത്രക്രിയചെയ്തു് ഒരു ലോഹക്ലിപ്പുകൊണ്ടു് വാവലിന്റെ ശരീരത്തിൽ ഉറപ്പിക്കണം.

പാരച്യൂട്ടിൽ ലക്ഷക്കണക്കിനു വാവലുകളെ ശത്രുരാജ്യത്തിൽ ഇറക്കിയാൽ, അവ അവിടെയെല്ലാം പറന്നുനടക്കും (ഉറക്കത്തിൽത്തന്നെ). ശിശിരനിദ്ര തീർന്നാൽ അവയ്ക്കു വിശന്നുതുടങ്ങും. അവ ചരടു് കടിച്ചു വലിക്കും. അതോടെ തീബോംബ് കത്തുകയും, വാവൽ എത്തിയ സ്ഥലത്തെല്ലാം തീ പടരുകയുംചെയ്യും.

ഈ പരീക്ഷണം നടത്തിക്കൊണ്ടിരിക്കേ അമേരിക്കൻ വിമാനപ്പടയുടെ ഒരു താവളം തീപിടിച്ചു നശിച്ചുവത്രേ. പരീക്ഷണം വിജയകരമാവുമെന്നതിന്റെ തെളിവായിരുന്നു ഈ അഗ്നിബാധ.

'ഓപ്പറേഷൻ എക്സ്റേ' നടപ്പിലാകുംമുമ്പ് ആററംബോബ് കണ്ടുപിടിക്കപ്പെട്ടു. ഹിരോഷിമയിലും നാഗസാക്കിയിലും ആററംബോബു പ്രയോഗിക്കപ്പെടുകയുംചെയ്തു. ജപ്പാൻ നിരുപാധികമായി കീഴടങ്ങി. അതിനാൽ 'ഓപ്പറേഷൻ എക്സ്റേ' ('വാവൽയുദ്ധം' എന്നു നമുക്കു് ഇതിനെ വിളിക്കാം) വേണ്ടിവന്നില്ല. ആററംബോംബ് പ്രയോഗിക്കാൻ പാടില്ലാത്ത വല്ല രാജ്യത്തും ഇനി 'ഓപ്പറേഷൻ എക്സ്റേ' നടത്തിക്കൂടെന്നില്ല.

25 ആഗസ്റ്റ്, 1985

# 78. മൃഗചികിത്സയിൽ ഹോമിയോപ്പതി

പടിഞ്ഞാറെ ജർമനിയിലെ ഒരു നഗരമാണു് ബ്രെമൻ. അവിടെ ഒരാൾക്കു് 'ആൽഫ' എന്നു പേരുള്ള ഒരു പട്ടിയുണ്ടു്. തീരെ കലർപ്പില്ലാത്ത 'ബോബ് ടെയൽ' വർഗത്തിൽപ്പെട്ട ഈ പട്ടിക്കു മൂന്നു വയസ്സായപ്പോൾ കഠിനമായ രോഗം പിടിപെട്ടു. അതിന്റെ ഗർഭപാത്രം നീരുവന്നു വീർത്തു.

വർഗസങ്കരം ഒട്ടുമില്ലാത്ത പട്ടിയായതിനാൽ 'ആൽഫ' വളരെയധികം വിലമതിക്കപ്പെടുന്നുണ്ടു്. അവളുടെ സന്താനങ്ങളിലൊന്നിനെ വളർത്താനാഗ്രഹിക്കാത്ത നായപ്രിയന്മാർ യൂറോപ്പിലുണ്ടോയെന്നു സംശയമാണു്. 'ആൽഫ'യുടെ ഉടമ അവളെ ഒന്നിനു പിറകെ ഒന്നായി അഞ്ചു് വിദഗ്ധ മൃഗവൈദ്യരുടെ അടുത്തു കൂട്ടിക്കൊണ്ടുപോയി. എല്ലാവരുടേയും രോഗനിർണയവും ചികിത്സയും ഒന്നുതന്നെയായിരുന്നു. അവർക്കു്

മരുന്നു കൊടുത്തിട്ടു കാര്യമില്ല. 'ആൽഫ' ജീവിക്കണമെങ്കിൽ, അവളുടെ ഗർഭപാത്രം ശസ്ത്രക്രിയചെയ്തു മാററിയേ മതിയാവൂ.

ഗർഭപാത്രം ഇല്ലാത്ത 'ആൽഫ'യെക്കൊണ്ടു് എന്തു പ്രയോജനം? കലർപ്പില്ലാത്ത 'ബോബ്ടെയൽ' നായവർഗ്ഗം നിലനിർത്തുന്നതിനു വേണ്ടി മാത്രമാണു് 'ആൽഫ'യെ പോററുന്നതു്. ആ ഉദ്ദേശ്യം നിറവേറുകയില്ലെങ്കിൽ, അവളെ വളർത്തിയിട്ടെന്തു കാര്യം?

ഉടമസ്ഥൻ, ഒടുവിൽ, 'ആൽഫ'യെ 'ല്യൂണെ ബർഗ് ഹീത്ത്' എന്ന സ്ഥലത്തുള്ള ഒരു മൃഗചികിത്സാ വിദഗ്ദ്ധന്റെ അടുത്തു കൊണ്ടുപോയി. ഡോ. ഡബ്ളിയു എന്ന പേരിലറിയപ്പെടുന്ന ഈ വിദഗ്ദ്ധൻ തന്റെ രോഗികളായ മൃഗങ്ങളെ ചികിത്സിക്കുന്നതു് പ്രകൃതിചികിത്സാ പദ്ധതിയനുസരിച്ചാണു്. 'ആൽഫ'യ്ക്കു് ഡോ. ഡബ്ല്യു കൊടുത്തതു് ഒരു ഹോമിയോപ്പതിമരുന്നായിരുന്നു. മൂന്നാഴ്ച ഈ മരുന്നു കൊടുത്തപ്പോൾ അവളുടെ ഗർഭപാത്രത്തിലെ നീരു് കുറഞ്ഞു. ക്രമേണ 'ആൽഫ' ആരോഗ്യം തികച്ചും വീണ്ടെടുത്തു. പിന്നീടു് അവൾ രണ്ടു തവണ ഗർഭം ധരിച്ചു; നല്ല ആരോഗ്യമുള്ള എട്ടു കുഞ്ഞുങ്ങളെ പ്രസവിക്കുകയുംചെയ്തു.

ഈ സംഭവത്തെത്തുടർന്നു് ജർമ്മനിയിലെ മൃഗചികിത്സകർക്കിടയിൽ ഹോമിയോപ്പതി അംഗീകരിക്കപ്പെട്ട ഒരു ചികിത്സാസമ്പ്രദായമായി മാറിക്കൊണ്ടിരിക്കുകയാണെന്നു് ആഗസ്റ്റ് 19-ലെ 'ജർമ്മൻ ട്രൈബ്യൂൺ' വാരികയിൽ ചേർത്ത ഒരു ലേഖനത്തിൽ കാണുന്നു.

ഡോക്ടർ ഹാനിമാൻ എന്ന ജർമ്മൻ ഭിഷഗ്വരൻ 19-ാം ശതകത്തിന്റെ ആദ്യത്തിൽ ആവിഷ്കരിച്ച ഹോമിയോപ്പതി ചികിത്സാസമ്പ്രദായം ഇതുവരെ മനുഷ്യരുടെ രോഗമോചനത്തിനേ ഉപയോഗിക്കപ്പെട്ടിരുന്നുള്ളു. മൃഗചികിത്സയ്ക്കു് ഹോമിയോപ്പതി ഉപയോഗപ്പെടുത്തുന്നതു്, ഒരുപക്ഷേ, ആദ്യമായി 'ആൽഫ'യുടെ ചികിത്സയിലായിരിക്കാം.

ലക്ഷണങ്ങളിൽനിന്നു രോഗം നിർണ്ണയിച്ചു്, രോഗം ശമിപ്പിക്കാനുള്ള ഔഷധങ്ങൾ നൽകുകയാണു് 'അല്ലോപ്പതി' എന്ന പാശ്ചാത്യ ചികിത്സാസമ്പ്രദായത്തിൽ ചെയ്യുന്നതു്. ചികിത്സിച്ചു മാററാനാവാത്ത കേടു് ഏതെങ്കിലും അവയവത്തിനു വന്നിട്ടുണ്ടെങ്കിൽ ആ അവയവം മുറിച്ചുകളയുന്നു.

ഹോമിയോപ്പതിയിൽ ചികിത്സ രോഗത്തിനല്ല, രോഗലക്ഷണത്തിനാണു്. ആരോഗ്യമുള്ള മനുഷ്യൻ ധാരാളമായി ഭക്ഷിച്ചാൽ രോഗലക്ഷണങ്ങൾക്കു തുല്യമായ ലക്ഷണങ്ങൾ ഉളവാക്കുന്ന സസ്യങ്ങൾ, ഖനിജങ്ങൾ, ജീവികളുടെ ശരീരഭാഗങ്ങൾ എന്നിവ രോഗിക്കു കൊടുക്കുകയാണു് ഹോമിയോപ്പതിയിലെ ചികിത്സാവിധി. പ്രകൃതിയിൽ നിന്നു ലഭിക്കുന്ന ഈ ഔഷധങ്ങൾ, പക്ഷേ, അതേ രൂപത്തിൽ ഹോമിയോ മരുന്നുകളായി ഉപയോഗിക്കപ്പെടുന്നില്ല. ഈ വസ്തുക്കൾ വെള്ളമോ ആൽക്കഹോളോ കലർത്തി പരമാവധി നേർപ്പിക്കുന്നു. ഹോമിയോപ്പതി ഔഷധം ലാബറട്ടറിയിൽ പരിശോധിച്ചാൽ, അതിലെ മൂലവസ്തു വേർതിരിച്ചെടുക്കാൻ പ്രായേണ സാധിക്കുകയില്ല. നേർക്കുംതോറും ഔഷധത്തിനു വീര്യം (പൊട്ടെൻസി) ഏറുന്നുവെന്നാണു് ഹോമിയോപ്പതിക്കാരുടെ സിദ്ധാന്തം. നേർപ്പിച്ച ഔഷധം ഓരോ രോഗിക്കും ഏതളവിൽ കൊടുക്കണമെന്നു് ഡോക്ടർ തീരുമാനിക്കുന്നു.

'ഉഷ്ണം ഉഷ്ണേനശ്യാമ്യതി' എന്നു പറയാറുണ്ടല്ലോ. 'സമം സമത്തെ ശമിപ്പിക്കുന്നു' എന്നതുതന്നെയാണു് ഹോമിയോപ്പതിയിലെ അടിസ്ഥാന വിശ്വാസവും. രോഗലക്ഷണത്തിനു തുല്യമായ ലക്ഷണം ഉളവാക്കാൻ കഴിവുള്ള ഹോമിയോ ഔഷധം രോഗിയുടെ ശരീരത്തിലെ രോഗപ്രതിരോധശക്തികളെ ഉത്തേജിപ്പിക്കുകയും, അങ്ങനെ സ്വാഭാവികമായി രോഗിക്കു് ആരോഗ്യം തിരിച്ചുകിട്ടുകയുംചെയ്യുന്നു.

പട്ടികളുടെ പ്രസവരോഗങ്ങൾ ചികിത്സിച്ചു ഭേദമാക്കുന്നതിൽ ഹോമിയോപ്പതി ഔഷധങ്ങൾ അത്യന്തം ഫലപ്രദങ്ങളാണെന്ന് താൻ പരീക്ഷിച്ചു ബോധ്യപ്പെട്ടിട്ടുള്ളതായി ഡോ. ഡബ്ലിയു പറയുന്നു. ഗർഭപാത്രത്തിന്റെ പ്രവർത്തനമാന്ദ്യം (ഇനെർഷ്യ), ഫാലോപ്പിയൻ ട്യൂബിലെ നീർവീക്കം എന്നീ രോഗങ്ങൾക്ക് ഹോമിയോപ്പതി ചികിത്സ വളരെ നന്ന്.

അതേസമയം, എല്ലാ രോഗങ്ങളും ഹോമിയോപ്പതികൊണ്ട് ചികിത്സിക്കാൻ സാധ്യമല്ലെന്നും ഡോ. ഡബ്ലിയു സമ്മതിക്കുന്നു. ചില രോഗങ്ങൾക്ക ശസ്ത്രക്രിയമാത്രമേ പ്രതിവിധിയായുള്ളു. ബാക്ടീരിയ മൂലമുണ്ടാകുന്ന ചില രോഗങ്ങളിൽ അലോപ്പതിയിലെ ആൻറിബയോട്ടിക് ഔഷധങ്ങൾതന്നെ കൊടുക്കണം.

പശുക്കൾക്കുണ്ടാകുന്ന അകിടുവീക്കം മുതലായ രോഗങ്ങൾക്ക് ഹോമിയോപ്പതി ചികിത്സയാണു പററിയതു്. കാരണം, അത്തരം രോഗങ്ങൾക്ക് അലോപ്പതിമുറയിലുള്ള ഔഷധങ്ങൾ കൊടുത്താൽ, ചികിത്സ നടക്കുമ്പോഴും പിന്നീട് പല ദിവസങ്ങളോളവും, പാലിൽ ഈ ഔഷധങ്ങൾ കലന്നിരിക്കും. ഹോമിയോപ്പതിമരുന്നുകൾ പരമാവധി നേപ്പിച്ചവയാകയാൽ, അവ പാലിൽ കടന്നുകൂടി ദോഷം ഉളവാക്കുകയില്ല.

ഭാവിയിൽ മൃഗചികിത്സയിൽ ഹോമിയോപ്പതി ഔഷധങ്ങൾ വർദ്ധമാനമായ തോതിൽ ഉപയോഗിക്കപ്പെടാൻ സാധ്യതയുണ്ടെന്ന് 'ജർമ്മൻ ട്രൈബ്യൂ'ണിലെ ലേഖനം അസന്ദിഗ്ദ്ധമായി പ്രഖ്യാപിക്കുന്നു.

കേരള കാർഷിക സർവ്വകലാശാലയിലെ വെററിനറി കോളേജിലെ വിദഗ്ദ്ധരുടെ ശ്രദ്ധ ഈ വിഷയത്തിലേക്കു ഞാൻ ക്ഷണിക്കുന്നു. ആയുർവേദവിധിപ്രകാരമുള്ള മൃഗചികിത്സയും കേരളത്തിൽ മുമ്പ് നല്ല പ്രചാരമുണ്ടായിരുന്നു. അലോപ്പതിയും ഹോമിയോപ്പതിയും ആയുർവേദവും യഥായോഗ്യം ഉപയോഗപ്പെടുത്തി ഉദ്ഗ്രഥിതമായ ഒരു മൃഗചികിത്സാസമ്പ്രദായം എന്തുകൊണ്ട് ഇവിടെ വളർത്തിയെടുത്തുകൂടാ?

21 ഒക്ടോബർ, 1984

# 79. മൃഗങ്ങളുടെ അന്തസ്സ്

ഇന്ത്യയുടെ പ്രശസ്തി വിദേശങ്ങളിൽ വർദ്ധിപ്പിക്കുന്നതിനുവേണ്ടിയാണ് ഇപ്പോൾ ഫ്രാൻസിലും അമേരിക്കയിലും 'ഒരു വർഷം നീണ്ട ഭാരത മഹോത്സവം' (ഇന്ത്യ ഫെസ്റ്റിവൽ) നടത്തിക്കൊണ്ടിരിക്കുന്നതു്. പ്രതിമകളുടെയും ചിത്രങ്ങളുടെയും മററും പ്രദർശനങ്ങൾ, സംഗീത—നൃത്ത—ഫിലിം പ്രകടനങ്ങൾ മുതലായവയാണ് ഈ മഹോത്സവത്തിൽ പ്രാധാന്യമെങ്കിലും, ഫ്രാൻസിന്റെ തലസ്ഥാനമായ പാരീസ്സിൽ പ്രധാനമന്ത്രി രാജീവ്ഗാന്ധി അതു് ഉദ്ഘാടനംചെയ്തപ്പോൾ ഇന്ത്യയിൽനിന്ന് തെരുവുകലാകാരന്മാരുടെ ഒരു സംഘത്തെക്കൂടി അങ്ങോട്ടയച്ചിരുന്നു— കായികാഭ്യാസികൾ, ഇന്ദ്രജാലപ്രകടനക്കാർ, കൂട്ടത്തിൽ ഒരു കരടിക്കളിക്കാരനും.

പാമ്പുകളെ കളിപ്പിച്ചു് കാഴ്ചക്കാരോടു പണം ചോദിക്കുന്ന പാമ്പാട്ടികളെ കേരളത്തിലെ നഗരങ്ങളുടെ തെരുവുമൂലകളിൽ ഇപ്പോഴും കാണാമല്ലോ. ചിലർ കരടികളെ ചെറുപ്പത്തിൽ പിടിച്ചു മെരുക്കി, അവയെക്കൊണ്ടു പല വിദ്യകളും ഉത്തരേന്ത്യൻ നഗരങ്ങളിലെ തെരുവുകളിൽ പ്രദർശിപ്പിച്ചു്, കാഴ്ചക്കാർ നൽകുന്ന പണം വാങ്ങി ഉപജീവിച്ചു വരുന്നു.